# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1906 17.03.2015 ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

## സദാചാര ഗുണ്ടാ ആക്രമണം

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എത്ര സദാചാര ഗുണ്ടാ ആക്രമണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ടി കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ ഒന്നിലധികം തവണ പ്രതികളായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സദാചാര ഗുണ്ടാ ആക്രമണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സദാചാര പോലീസ് ചമഞ്ഞ് നടത്തിയ 18 ആക്രമണ കേസുകൾ 15.03.2015 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(സി) ഇത്തരം കേസുകളിൽ ഒന്നിലധികം തവണ പ്രതികളായവർ ആരും തന്നെയില്ല.

17/3/15

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | 18.05.2011 - 31.12.2011 | 2012 | 2013 | 2014 | 01.01.2015 - 15.03.2015 |
|---|---|---|---|---|---|
| സദാചാര പോലീസ് ചമഞ്ഞുള്ള ആക്രമണ കേസുകളുടെ എണ്ണം | 2 | 9 | 1 | 1 | 5 |
| ഇതിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസുകളുടെ എണ്ണം | 2 | 8 | 1 | 0 | 1 |

സെക്ഷൻ ഓഫീസർ